# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

ECHO OF HIS CALL 1968-2018 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI YEAR OF OUR LORD JESUS CHRIST, 2025 JANUARY No. 03


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 101:1–8**

01. ഞാൻ ദയയെയും ന്യായത്തെയും കുറിച്ചു പാടും; യഹോവേ, ഞാൻ നിനക്കു കീർത്തനം പാടും.

02. ഞാൻ നിഷ്കളങ്കമാർഗ്ഗത്തിൽ ശ്രദ്ധ വെക്കും; എപ്പോൾ നീ എന്റെ അടുക്കൽ വരും? ഞാൻ എന്റെ വീട്ടിൽ നിഷ്കളങ്കഹൃദയത്തോടെ പെരുമാറും.

03. ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിന്നു മുമ്പിൽ വെക്കുകയില്ല; ക്രമം കെട്ടവരുടെ പ്രവൃത്തിയെ ഞാൻ വെറുക്കുന്നു; അതു എന്നോടു ചേർന്നു പറ്റുകയില്ല.

04. വക്രഹൃദയം എന്നോടു അകന്നിരിക്കും; ദുഷ്ടതയെ ഞാൻ അറികയില്ല.

05. കൂട്ടുകാരനെക്കുറിച്ചു ഏഷണി പറയുന്നവനെ ഞാൻ നശിപ്പിക്കും; ഉന്നതഭാവവും നിഗളഹൃദയവും ഉള്ളവനെ ഞാൻ സഹായിക്കയില്ല.

06. ദേശത്തിലെ വിശ്വസ്തന്മാർ എന്നോടുകൂടെ വസിക്കേണ്ടതിന്നു എന്റെ ദൃഷ്ടി അവരുടെമേൽ ഇരിക്കുന്നു; നിഷ്കളങ്കമാർഗ്ഗത്തിൽ നടക്കുന്നവൻ എന്നെ ശുശ്രൂഷിക്കും.

07. വഞ്ചനചെയ്യുന്നവൻ എന്റെ വീട്ടിൽ വസിക്കയില്ല; ഭോഷ്കു പറയുന്നവൻ എന്റെ മുമ്പിൽ ഉറെച്ചുനിൽക്കയില്ല.

08. യഹോവയുടെ നഗരത്തിൽനിന്നു സകല ദുഷ്പ്രവൃത്തിക്കാരെയും ഛേദിച്ചുകളയേണ്ടതിന്നു ദേശത്തിലെ ദുഷ്ടന്മാരെ ഒക്കെയും ഞാൻ രാവിലെതോറും നശിപ്പിക്കും.

# കർത്താവായ യേശുക്രിസ്തു നിന്നോടുള്ള വാഗ്ദത്തം ഓർമ്മിക്കും!

**THE LORD JESUS WILL REMEMBER HIS PROMISE!**

*റവ. ഏഞ്ചലിൻ സെൽവകുമാരി, ബഹു. ചീഫ് എഡിറ്റർ*



വിളിയുടെ പ്രതിധ്വനിയുടെ എല്ലാ കുടംബാംഗങ്ങൾക്കും വളരെ സന്തോഷകരമായ പുതുവത്സരാശംസകൾ!

ഈ വർഷം നിങ്ങളെയും, നിങ്ങളുടെ കുടുംബാംഗങ്ങളെയും, നിങ്ങൾ അവനുവേണ്ടി ചെയ്യുന്ന നല്ല പ്രവർത്തനങ്ങളെയും ദൈവം ഓർക്കുന്ന വർഷമായിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

നമ്മുടെ ദൈവം വാഗ്ദാനപാലകനാണ് എന്നു വേദപുസ്തകം നമുക്ക് ഉറപ്പു നൽകുന്നു. **ഞാൻ നിന്നെ കൈവിടാതെ അരുളിച്ചെയ്തതു നിവർത്തിക്കും** (ഉല്പത്തി 28:15). ദൈവം ഒരു വാഗ്ദാനം നൽകുമ്പോൾ അതു തന്റെ സമയത്തു നിവർത്തീകരിക്കാൻ അവൻ വിശ്വസ്തനാണ്. അവന്റെ സമയം എന്നു പറയുന്നത് ഒരു ദിവസം, ഒരു ആഴ്ച, ഒരു മാസം, ഒരു വർഷം, ചിലപ്പോൾ തലമുറകൾ വരെ ആയേക്കാം. എന്നിരുന്നാലും അവൻ തന്റെ വാഗ്ദാനം നിറവേറ്റിയിരിക്കും.

2025 നിങ്ങളുടെ ജീവിതത്തിൽ അവന്റെ വാഗ്ദാനങ്ങൾ പ്രകടമാകാൻ ദൈവം നിശ്ചയിച്ച നിറവേറപ്പെടുന്ന കെയ്റോസ് വർഷമായി മാറട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

*3 -ാം പേജിൽ തുടരും...*




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**


Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

*** Please Subscribe and Share ***

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

REACHING NATIONS




## from your dearly beloved brother...



### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
HON. MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call

**"നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും; നിന്റെ ചക്കുകളിൽ വീഞ്ഞു കവിഞ്ഞൊഴുകും"– സദൃശ്യവാക്യങ്ങൾ : 3:10**

ക്രിസ്തുവിൽ പ്രീയദൈവമക്കളേ,

നിങ്ങൾക്കു ഞങ്ങളുടെ സ്നേഹവന്ദനം. നിങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ സംരക്ഷണത്തിനും നന്മക്കുമായി ഞങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഈ കഴിഞ്ഞ വർഷം മുഴുവനും ഞങ്ങൾക്കു നൽകിയ ആവേശകരമായ പ്രാർത്ഥനകൾക്കും സന്തോഷകരമായ പിന്തുണക്കും നന്ദി. നിങ്ങളെല്ലാവരും സുഖമായിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഞങ്ങളുടെ ശുശ്രൂഷയുടെ പാത കഴിഞ്ഞ വർഷം ദൈവീകനന്മ നിറഞ്ഞതായിരുന്നു. എന്നിരുന്നാലും, യോർദ്ദാൻ നദി പോലെയുള്ള പരീക്ഷണങ്ങളെയും ചെങ്കടൽ പോലെയുള്ള വേദനകളെയും മറികടക്കാൻ ദൈവം ഞങ്ങളെ സഹായിച്ചു. അതൊക്കെ മനുഷ്യശക്തിയാൽ മറികടക്കാൻ കഴിയാത്തവയായിരുന്നു.

നിങ്ങളുടെ ജീവിതത്തിന്റെയും സ്ഥിതി ഇതുതന്നെയായിരിക്കാം. ദൈവം നിങ്ങളുടെ ഭാഗത്തുനിന്ന് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുകയാണ്, അത് ഇനിയും അങ്ങനെ തന്നെ ആയിരിക്കും. **നിങ്ങൾ കാറ്റു കാണുകയില്ല, മഴയും കാണുകയില്ല; എന്നാൽ നിങ്ങളും നി ങ്ങളുടെ ആടുമാടുകളും നിങ്ങളുടെ മൃഗവാഹനങ്ങളും കുടിക്കത്തക്കവണ്ണം ഈ താഴ്വര വെള്ളംകൊണ്ടു നിറയും (2 രാജാക്കന്മാർ 3:17).**

**അതുകൊണ്ടു യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല (യെശയ്യാവു 28:16).** ഭാരപ്പെടേണ്ട! ദൈവം നിങ്ങൾക്കും ഒരു അത്ഭുതം ചെയ്യും. പർവ്വതങ്ങൾ പിൻവാങ്ങുകയും കുന്നുകൾ പിൻവാങ്ങി കടലിന്റെ മദ്ധ്യേ തള്ളിയിടപ്പെടുകയും ചെയ്തേക്കാം. എന്നാലും അവിടുത്തെ കൃപ നിങ്ങളിൽനിന്നും അകന്നുപോകയില്ല. **പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും; എങ്കിലും എന്റെ കൃപ നിന്നെ വിട്ടുമാറുകയില്ല; എന്റെ സമാധാനനിയമം നീങ്ങിപ്പോകയുമില്ല എന്നു നിന്നോടു കരുണയുള്ള യഹോവ അരുളിച്ചെയ്യുന്നു (യെശയ്യാവു 54:10).** നിങ്ങൾ വീണുപോകാതിരിപ്പാൻ സഹായിക്കുന്ന ദൈവം നിങ്ങളോടൊപ്പമുണ്ട്, ധൈര്യമായിരിപ്പിൻ. ഈ വർഷാവസാനത്തിനുമുമ്പ് നിങ്ങൾക്കു ലഭിക്കേണ്ട എല്ലാ നല്ല കാര്യങ്ങളും തീർച്ചയായും നിങ്ങളിലേക്ക് എത്തിച്ചേരും.

നമ്മുടെ ശുശ്രൂഷയുടെ പാത കഠിനമാണ്. ശത്രുവിനെതിരെ യുദ്ധം തുടരുമ്പോൾ നമ്മുടെ ശക്തി കുറയുന്നു. എന്നാൽ, ദൈവം നമ്മെ ഉയർത്തുന്നു. നീതിമാൻ ഏഴു പ്രാവശ്യം വീണാലും എഴുന്നേല്ക്കും; ദുഷ്ടന്മാരോ അനർത്ഥത്തിൽ നശിച്ചുപോകും (സദൃശ്യവാക്യങ്ങൾ 24:16). അതിനാൽ ഞങ്ങൾ നിരുത്സാഹപ്പെടുന്നില്ല. ദൈവത്തിന്റെ ശക്തി നമ്മെ താങ്ങി നടത്തുന്നു.

നിങ്ങളുടെ തീക്ഷ്ണമായ പ്രാർത്ഥനകളും സന്തോഷകരമായ വഴിപാടുകളും ഞങ്ങൾ അഭ്യർത്ഥിക്കുന്നു, അതിലൂടെ ഞങ്ങൾക്ക് ശുശ്രൂഷയിൽ ഉത്സാഹത്തോടെ പ്രവർത്തിക്കുവാൻ സാധിക്കും. ദൈവത്തിന്റെ മറ്റു ദാസന്മാരെയും പിന്തുണയ്ക്കാൻ മറക്കരുത്. കർത്താവ് നിങ്ങളെ പതിന്മടങ്ങ് അനുഗ്രഹിക്കട്ടെ, ആമേൻ!

നിങ്ങൾക്കെല്ലാവർക്കും പുതുവത്സരാശംസകൾ നേരുന്നു!

*ക്രിസ്തു യേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ,*
***പാസ്റ്റർ അലക്സ് സാംസൺ സാം,***
***പാസ്റ്റർ എസ്. സാം സെൽവരാജ്***
(+91) 98412 71858 / 98410 71858, E-mail : sam@echoofhiscall.org

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ✿ BIBLECOR - Postal Courses (3 languages) ✿ YouTube Ministry ✿ Online Courses ✿ Theological Correspondence Courses (2 languages) ✿ Church Planting ✿ Nehemiah Bible Colleges ✿ Gospel Printing Press ✿ Great Commission Partners ✿ St. Paul's Matriculation School ✿ Crusades ✿ Community Development

**നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്!**

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യൂട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.
- പാസ്റ്റർ സാം സെൽവരാജ്

*....Contd. from page 1*

### നിരാശാജനകമായ സമയം നിരാശാജനകമായ പ്രാർത്ഥനകൾ സ്വാഗതം ചെയ്യുന്നു!

ദൈവം നിങ്ങൾക്ക് ഒരു വാഗ്ദാനം നൽകുമ്പോൾ അത് നിവർത്തീകരിക്കുന്നതുവരെ പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ. നിരാശാജനകമായ സാഹചര്യങ്ങളിൽ തീക്ഷ്ണവും ആത്മാർത്ഥവുമായ പ്രാർത്ഥനകൾ അത്യാവശ്യമാണ്. തങ്ങളുടെ ഏറ്റവും പ്രയാസകരവുമായ നിമിഷങ്ങളിൽ നിരാശയോടെ ദൈവത്തിങ്കലേക്കു തിരിഞ്ഞ വ്യക്തികളുടെ എണ്ണമറ്റ ഉദാഹരണങ്ങൾ വേദപുസ്തകത്തിലുടനീളം നാം കാണുന്നു.

"ദൈവം ഓർമ്മിച്ചു" എന്നു ഞാൻ പറയുമ്പോൾ, അവൻ നമ്മെ മറന്നു എന്ന് അർത്ഥമാക്കുന്നില്ല. പകരം, വിശ്വാസത്തോടും സ്ഥിരോത്സാഹത്തോടുംകൂടി പ്രാർത്ഥിക്കുമ്പോൾ, നമ്മുടെ നിലവിളികൾക്ക് മറുപടിയായി സ്വർഗ്ഗം പ്രതികരിക്കുന്നു എന്നാണ് അതു സൂചിപ്പിക്കുന്നത്, ആമേൻ!

ഒരു കുഞ്ഞ് ഉണ്ടാകാനുള്ള കഴിവ് ഇല്ല എന്ന കാരണത്താൽ അഗാധമായ ദുഃഖം സഹിക്കേണ്ടിവന്ന ഹന്ന എന്ന സ്ത്രീയുടെ കഥ ശ്രദ്ധ വച്ചു വായിക്കുവിൻ. **ഞാൻ മനോവ്യസനമുള്ളോരു സ്ത്രീ...** (1 ശമൂവേൽ 1:15)



**ഞാൻ മനോവ്യസനമുള്ളോരു സ്ത്രീ - ഹന്നയുടെ പ്രാർത്ഥന**

എന്ന് അവൾ തന്റെ തീവ്രമായ മാനസിക വേദനയിൽ അവൾ പ്രഖ്യാപിക്കുന്നു. പ്രാർത്ഥനയിലൂടെ തന്റെ ഹൃദയം പകർന്നപ്പോൾ അവളുടെ മുഖഭാവം മാറി. ദൈവം അവളുടെ പ്രാർത്ഥന കേൾക്കുമെന്നു അവൾ ഉറച്ചു വിശ്വസിച്ചു. വേദപുസ്തകം ഇങ്ങനെ പറയുന്നു: **അവളുടെ മുഖം പിന്നെ വാടിയതുമില്ല** (1 ശമൂവേൽ 1:18). ദൈവം സത്യവാനായതിനാൽ യഹോവ അവളെ ഓർത്തു എന്ന് ശമൂവേൽ 1:19ൽ രേഖപ്പെടുത്തിരിക്കുന്നു. ഒരു കുഞ്ഞിനെ നൽകി ദൈവം അവളെ അനുഗ്രഹിച്ചു.

മറ്റൊരു ശക്തമായ ഉദാഹരണമാണ് ഹിസ്കിയാവ്. മരണത്തിനായി ഒരുങ്ങാൻ ദൈവം അവനോടു പറഞ്ഞപ്പോൾ അവൻ നിരാശയോടെ ശക്തമായി പ്രാർത്ഥിച്ചു:

**അയ്യോ യഹോവേ, ഞാൻ വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടുംകൂടെ തിരുമുമ്പിൽ നടന്നു നിനക്കു പ്രസാദമായുള്ളതു ചെയ്തിരിക്കുന്നു എന്നു ഓർക്കേണമേ എന്നു പറഞ്ഞു** (2 രാജാക്കന്മാർ 20:3). അവന്റെ ഹൃദയം തുറന്നുള്ള യാചന ദൈവത്തിന്റെ മനസ്സലിയിക്കുകയും അവന്റെ ആയുസ്സ് ദീർഘമാക്കിക്കൊടുക്കയും ചെയ്തു.

ഹൃദയവ്യഥയോടുകൂടിയ പ്രാർത്ഥന ദൈവത്തിന്റെ മനസ്സലിയിച്ചതിന്റെ നിരവധി ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ നമുക്ക് കാണാൻ സാധിക്കും.

ജനങ്ങൾ പ്രാർത്ഥിച്ചപ്പോഴെല്ലാം ദൈവം ഓർത്തു. കഴിഞ്ഞ വർഷങ്ങളിൽ നിങ്ങളിൽ എത്ര പേർ ഇങ്ങനെ പ്രാർത്ഥിച്ചിട്ടുണ്ടെന്ന് എനിക്ക് അറിയില്ല. "കർത്താവേ, അങ്ങയുടെ ദയയിൽ എന്നെ ഓർക്കേണമേ, കർത്താവേ, എന്നോടു കരുണയുണ്ടാകേണമേ, ദയവായി എന്റെ മുഖത്തെ നോക്കേണമേ, എന്റെ സാഹചര്യം ശ്രദ്ധിക്കേണമേ".

എനിക്കു നിങ്ങൾക്കായി ഒരു നല്ല വാർത്തയുണ്ട്! ഇതാണ് പരമോന്നതനായ കർത്താവ് പ്രഖ്യാപിക്കുന്നത്:

**...എന്റെ വചനങ്ങളിൽ ഒന്നും ഇനി താമസിക്കയില്ല; ഞാൻ പ്രസ്താവിക്കുന്ന വചനം നിവൃത്തിയാകും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു** (യെഹെസ്കേൽ 12:28).

2025 ൽ ദൈവം നിങ്ങളെ ഓർത്ത് നിങ്ങളുടെ ജീവിതത്തെയും കുടുംബത്തെയും ശുശ്രൂഷയെയും കുറിച്ചുള്ള തന്റെ പദ്ധതികൾ നിറവേറ്റുകയും ചെയ്യട്ടെ എന്നതാണ് എന്റെ ഹൃദയംഗമമായ പ്രാർത്ഥന.

ദൈവം നമ്മെ ഓർമ്മിക്കണമെന്ന് നാം ആഗ്രഹിക്കുന്നതുപോലെ, ഈ വർഷത്തിന്റെ തുടക്കത്തിൽതന്നെ ചില കാര്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. നാം മുറുകെ പിടിക്കുകയും പിന്തുടരുകയും ചെയ്യേണ്ട ചില സുപ്രധാന തത്വങ്ങളെക്കുറിച്ച് ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു.

### 1. ദൈവത്തിന്റെ പ്രവൃത്തികളെയും അത്ഭുതങ്ങളെയും ഓർക്കുവിൻ!

**ഞാൻ യഹോവയുടെ പ്രവൃത്തികളെ വർണ്ണിക്കും; നിന്റെ പണ്ടത്തെ അത്ഭുതങ്ങളെ ഞാൻ ഓർക്കും. ഞാൻ നിന്റെ സകല പ്രവൃത്തിയെയും കുറിച്ചു ധ്യാനിക്കും; നിന്റെ ക്രിയകളെക്കുറിച്ചു ഞാൻ ചിന്തിക്കും** (സങ്കീർത്തനങ്ങൾ 77:11,12).

ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്ത അത്ഭുതങ്ങളെയും അനുഗ്രഹങ്ങളെയും കുറിച്ചു ധ്യാനിക്കാൻ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. യോശുവ 4ൽ ഇതിന്റെ വ്യക്തമായ ഉദാഹരണം കാണാം. യോശുവയുടെ നേതൃത്വത്തിൽ യിസ്രായേല്യർ യോർദ്ദാൻ നദി കടന്നു അക്കരെക്കു പോയ രീതിയിലൂടെ നമുക്ക് ഇത് വ്യക്തമാകും.



**യോശുവയുടെ നേതൃത്വത്തിൽ യിസ്രായേല്യർ യോർദ്ദാൻ നദി കടന്നു**

നദി കടന്നപ്പോൾ, താൻ ചെയ്ത അത്ഭുതപ്രവൃത്തി വരും തലമുറ ഓർക്കുവാനായി പ്രധാനപ്പെട്ട എന്തെങ്കിലും ചെയ്യാൻ അവരോടു ദൈവം പറഞ്ഞു. അതിൻപ്രകാരം ഓരോ ഗോത്രവും നദീതടത്തിൽനിന്നു ഓരോ കല്ല് എടുക്കുവാൻ കല്പിച്ചു. ഈ കല്ലുകൾ ദൈവത്തിന്റെ വിശ്വസ്തതയുടെ സ്മാരകമായി വർത്തിക്കേണ്ടതാണ്.

കർത്താവ് ഇങ്ങനെ പറഞ്ഞു:

**ഈ കല്ലു എന്തു എന്നു നിങ്ങളുടെ മക്കൾ വരുങ്കാലത്തു ചോദിക്കുമ്പോൾ: യോർദ്ദാനിലെ വെള്ളം യഹോവയുടെ നിയമപെട്ടകത്തിന്റെ മുമ്പിൽ രണ്ടായി പിരിഞ്ഞതുനിമിത്തം തന്നേ എന്നു അവരോടു പറയേണം,** അതുകൊണ്ട് **ഈ കല്ലു യിസ്രായേൽ മക്കൾക്കു എന്നേക്കും ജ്ഞാപകമായിരിക്കേണം** (യോശുവ 4:6,7).

2024 ലോ അതിനുമുമ്പോ നിങ്ങൾക്കുള്ള ഓർമ്മകൾ ഏതൊക്കെയാണ്? യോർദ്ദാൻ നദി കടക്കാനുള്ള വെല്ലുവിളി യിസ്രായേല്യർ നേരിട്ടിരുന്നില്ല എങ്കിൽ അടുത്ത തലമുറക്കു കൈമാറാൻ അവർക്ക് സ്മാരക കല്ലുകൾ ഉണ്ടാകുമായിരുന്നില്ല.

അതുപോലെ, അതിവേഗം ഒഴുകുന്ന യോർദ്ദാൻനദി പോലെയുള്ള വലിയ വെല്ലുവിളികളെ നേരിടാൻ ദൈവം നമ്മെ അനുവദിക്കുന്നു. ഈ വെല്ലുവിളികൾ നമ്മുടെ വിശ്വാസത്തെ കെട്ടിപ്പടുക്കുകയും, നമുക്കും വരും തലമുറകൾക്കുംവേണ്ടി ദൈവത്തിന് എന്തൊക്കെ ചെയ്യാൻ കഴിയും എന്നതിന്റെ സാക്ഷ്യങ്ങളായി വർത്തിക്കുകയും ചെയ്യുന്നു.

## 2. നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക! സഭാപ്രസംഗി 12:1

**നിന്റെ യൗവ്വനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക** എന്ന സഭാപ്രസംഗി 12:1 ലെ വാക്യം യുവാക്കളെ ഉദ്ദേശിച്ചിട്ടുള്ളതായി കാണുന്നു. എന്നിരുന്നാലും ജീവിതത്തിലുടനീളം നമ്മുടെ സ്രഷ്ടാവിനെ ഓർത്തിരിക്കാൻ നമ്മെ ക്ഷണിച്ചുകൊണ്ട് അത് യൗവ്വനത്തിനപ്പുറത്തേക്കു പോകുന്നു.

മിക്കപ്പോഴും, സ്രഷ്ടാവിനെക്കാൾ സൃഷ്ടിക്കാണ് നാം പ്രാധാന്യം നൽകുന്നത്. വേദപുസ്തകം ഇങ്ങനെ മുന്നറിയിപ്പു നൽകുന്നു:

**ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു; സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ!** (റോമർ 1:23,25).

നാം അറിയാതെതന്നേ ഭൗതിക വസ്തുക്കൾ ചമച്ചവനെ ഓർക്കാതെ വസ്തുക്കൾക്ക് പ്രാധാന്യം നൽകുന്നു. വേദപുസ്തകം ഇങ്ങനെ മുന്നറിയിപ്പു നൽകുന്നു:

**മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും** (മത്തായി 6:33).

ഉറവിടം നാം മറക്കുന്നു! നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമാണ് നമ്മുടെ ദൈവം. അവൻ എല്ലാം സൃഷ്ടിക്കുകയും നമ്മുടെ ജീവിതത്തിന്റെ പൂർണ്ണ നിയന്ത്രണം ഏറ്റെടുത്ത് അത് തുടർന്നുപോകുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിലെ ഓരോ സംഭവത്തിനും ഒരു ദൈവീക ഉദ്ദേശ്യമുണ്ട്. സൃഷ്ടാവിൽ ആശ്രയിക്കുക, കാരണം അവൻ എല്ലാം നന്മെക്കായി ചെയ്യുന്നു.

യോസേഫിന്റെ കഥ നമുക്ക് ഒരു ഉദാഹരണമായി എടുക്കാം. അവൻ യാക്കോബിന്റെ



**യാക്കോബ് തന്റെ മകനോടൊപ്പം!**

പ്രീയപ്പെട്ട പുത്രനായിരുന്നു. വാർദ്ധക്യത്തിൽ ജനിച്ചവനായിരുന്നതുകൊണ്ട് അവനെ നന്നായി പരിപാലിച്ചു. അതിനാൽ സഹോദരന്മാർക്ക് അവനോടു അസൂയ ഉണ്ടായി. ദൈവത്തിൽനിന്ന് വാഗ്ദാനങ്ങളും പ്രവചനങ്ങളും ലഭിച്ച സ്വപ്നക്കാരനായ യോസേഫ്, ഒരിക്കൽ തന്റെ കുടുംബം മുഴുവനായിട്ടു അവനെ വണങ്ങും എന്നു അവനു വെളിപ്പാടുണ്ടായി. യോസേഫ് എവിടെയായിരിക്കുന്നുവോ അവിടെ വെച്ച് ഈ വിധി നടപ്പാക്കാൻ കഴിയുകയില്ല എന്നു ദൈവത്തിന് അറിയാമായിരുന്നു. അതിനാൽ ഒരു യാത്ര അനിവാര്യമായിരുന്നു.



**യോസേഫിനു കഷ്ടതയുടെ പാതയിലൂടെ നടക്കേണ്ടിവന്നു!**

യാക്കോബ് യോസേഫിന്റെ സംരക്ഷകനായതിനാൽ മിസ്രയീമിലേക്കുള്ള അവന്റെ യാത്ര അസാദ്ധ്യമായിരുന്നു. അതിനാൽ യോസേഫിന് ദുഷ്കരമായ പാതയിലൂടെ സഞ്ചരിക്കേണ്ടിവന്നു. പൊട്ടക്കിണർ, ജയിൽവാസം, ഒടുവിൽ കൊട്ടാരവാസം. തെറ്റായ ആരോപണങ്ങൾ, കാരാഗ്രഹവാസം ഉൾപ്പെടെയുള്ള പരീക്ഷണങ്ങൾ ഉണ്ടായിട്ടും ദൈവം സംരക്ഷകനായി കൂടെ ഉണ്ടായിരുന്നു.

പ്രീയ സുഹൃത്തുക്കളേ, ഒരുപക്ഷേ ജീവിതം നിങ്ങളോടു അനീതി കാട്ടിയിരിക്കാം. യോസേഫിനെപോലെ വേദനാജനകമായ അനുഭവങ്ങൾ, അന്യായമായ പെരുമാറ്റം, അപമാനം, വഞ്ചന എന്നിവ നേരിട്ടിട്ടുണ്ടാകാം. പക്ഷെ നിങ്ങൾ ദൈവീക നിയന്ത്രണത്തിലാണെന്ന് ഓർക്കുക.

രക്ഷ പ്രതീക്ഷിച്ചു പാനപാത്രവാഹകനോട് തന്നെ ഓർത്തുകൊള്ളേണമെന്ന് യോസേഫ് പറഞ്ഞു. എന്നാലും അവന്റെ ഉയർച്ചയുടെ പദ്ധതി ദൈവീക കരങ്ങളിലായിരുന്നു. ദൈവം അടച്ച വാതിലുകൾ തുറക്കാനോ ദൈവം തുറന്ന വാതിലുകൾ അടക്കാനോ ആർക്കും അധികാരമില്ല. ദൈവത്തിന്റെ സമയത്തിനായി ആശ്രയിക്കുക കാരണം **അവൻ സകലതും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്യുന്നു** (സഭാപ്രസംഗി 3:11).

സാഹചര്യം എന്തായാലും സൃഷ്ടാവിനെ ഓർക്കുക. അവൻ നിങ്ങളുടെ ഉയർത്തുന്നവനും പദ്ധതികൾ പൂർത്തീകരിക്കുന്നവനുമാണെന്ന് പൂർണ്ണമായി വിശ്വസിക്കുക. അവൻ നമ്മുടെ ഭാവി രൂപപ്പെടുത്തുന്നു:

**നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു** (യിരെമ്യാവു 29:11).

*6-ാം പേജിൽ തുടരും...*

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ജനുവരി 19** ⇨ അസ്സോസിയേറ്റ് എഡിറ്റർമാരുടെയും കുടുംബാംഗങ്ങളുടെയും അനുഗ്രഹിച്ചതിനായി.

**ജനുവരി 20** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരോടും കുടുംബാംഗങ്ങളോടുമുള്ള ദൈവീക കരുണക്കായി.

**ജനുവരി 21** ⇨ കഴിഞ്ഞ മാസം സാമ്പത്തിക നന്മകൾ നൽകി അനുഗ്രഹിച്ചതിനായി.

**ജനുവരി 22** ⇨ മുഖ്യസഭയെയും ശാഖാസഭകളെയും അവയിലെ വിശ്വാസികളെയും അനുഗ്രഹിച്ചതിനായി.

**ജനുവരി 23** ⇨ ദൈവശാസ്ത്ര സെമിനാറുകൾ സ്ഥിരമായി നടത്തുവാൻ സഹായിച്ചതിനായി.

**ജനുവരി 24** ⇨ മുഖ്യസഭയിലും ശാഖാസഭകളിലും ക്രിസ്തുമസ്/പുതുവർഷ ആഘോഷങ്ങൾ അർത്ഥവത്തായും ഫലപ്രദമായും നടത്തുവാൻ സഹായിച്ചതിനായി.

**ജനുവരി 25** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് സ്കൂൾ** എന്നിവയുടെ പ്രവർത്തനങ്ങൾക്കായി.

**ജനുവരി 26** ⇨ പല വഴികളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ പ്രതിബദ്ധതക്കായി.

**ജനുവരി 27** ⇨ ഞങ്ങളുടെ 5 മിനിട്ട് യുട്യൂബ് ശുശ്രൂഷയിലൂടെ സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കാൻ സഹായിച്ചതിനായി.

**ജനുവരി 28** ⇨ ഞങ്ങളുടെ മാസിക 16 ഭാഷകളിൽ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിക്കാനും പ്രസിദ്ധീകരിക്കാനും മിഷൻ ഫീൽഡുകളിലേക്ക് അയക്കാനും ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**ജനുവരി 29** ⇨ വിളിയുടെ പ്രതിധ്വനിയുടെ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും നല്ല ആരോഗ്യവും സ്വർഗ്ഗീയ സംരക്ഷണവും നൽകി അനുഗ്രഹിച്ചതിനായി.

**ജനുവരി 30** ⇨ ഞങ്ങളുടെ കോഡിനേറ്റർമാരെയും മിഷണറിമാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ജനുവരി 31** ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും പാസ്റ്റർമാരെയും മുതിർന്ന നേതാക്കളെയും അനുഗ്രഹിച്ചതിനായി.

**ഫെബ്രുവരി 01** ⇨ ആശുപത്രി ശുശ്രൂഷയിലെ ദൈവീക അനുഗ്രഹങ്ങൾക്കായി.

**ഫെബ്രുവരി 02** ⇨ മുഖ്യസഭയിലെ പുരുഷ സംഗമത്തിലുള്ള ദൈവീക അനുഗ്രഹങ്ങൾക്കായി.

**ഫെബ്രുവരി 03** ⇨ യുവാക്കളുടെയും കുഞ്ഞുങ്ങളുടെയും അനുഗ്രഹത്തിനായുള്ള ഞങ്ങളുടെ ആഗോള ദർശനത്തിന്റെ അനുഗ്രഹത്തിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ഫെബ്രുവരി 04** ⇨ പുതിയ പകർച്ചവ്യാധികൾ ആഗോളതലമായി ഉന്മൂലനം ചെയ്യപ്പെടുവാൻ.

**ഫെബ്രുവരി 05** ⇨ **വിളിയുടെ പ്രതിധ്വനിയുടെ** യുവജന, എത്തിപ്പെടാത്തയിടങ്ങളിലുള്ള ശുശ്രൂഷ എന്നിവ അനുഗ്രഹിക്കപ്പെടുവാൻ.

**ഫെബ്രുവരി 06** ⇨ **വിളിയുടെ പ്രതിധ്വനിയുടെ** ഈ വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക ആവശ്യങ്ങൾ നിറവേറപ്പെടുവാൻ.

**ഫെബ്രുവരി 07** ⇨ ലോകമെമ്പാടുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷക്കായി.

**ഫെബ്രുവരി 08** ⇨ മിഷണറിമാർക്കും ദൈവദാസന്മാർക്കും എതിരെയുള്ള അതിക്രമങ്ങൾ അവസാനിക്കുവാൻ.

**ഫെബ്രുവരി 09** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിക്കുന്നതിനായി.

**ഫെബ്രുവരി 10** ⇨ യിസ്രായേൽ, പാലസ്തീൻ, റഷ്യ, ഉക്രെയിൻ എന്നീ രാജ്യങ്ങളുടെ സമാധാനത്തിനായി.

**ഫെബ്രുവരി 11** ⇨ സർക്കാരിന്റെ പൊതുപരീക്ഷക്കായി തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായി.

**ഫെബ്രുവരി 12** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്** എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ സംരക്ഷണക്കായി.

**ഫെബ്രുവരി 13** ⇨ ഞങ്ങളുടെ ഓഫീസ് ജീവനക്കാരുടെയും അച്ചടിശാലയിലെ ജീവനക്കാരുടെയും നല്ല ആരോഗ്യത്തിനായി.

**ഫെബ്രുവരി 14** ⇨ ഞങ്ങളുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി.

**ഫെബ്രുവരി 15** ⇨ അവന്റെ രാജ്യം ഭൂമിയിൽ സ്ഥാപിതമാക്കുവാനുള്ള കേന്ദ്രീകൃത ദർശനങ്ങൾ നമുക്കു നൽകുവാനായി.

**ഫെബ്രുവരി 16** ⇨ രോഗവും ദാരിദ്ര്യവും പട്ടിണിയുംകൊണ്ട് പൊറുതിമുട്ടിയിരിക്കുന്നവർക്കായി.

**ഫെബ്രുവരി 17** ⇨ മദ്യപാനികളും ദുഷ്പ്രവൃത്തിക്കാരും മാനസാന്തരപ്പെടുവാനായി.

**ഫെബ്രുവരി 18** ⇨ ലോകമെമ്പാടുമുള്ള സമാധാനത്തിനായി.

... 4-ാം പേജിന്റെ തുടർച്ച

സഹോദരന്മാർ ഉപേക്ഷിച്ച് പൊട്ടക്കിണറ്റിൽ തള്ളിയ യോസേഫിന് പ്രതീക്ഷയെല്ലാം നഷ്ടപ്പെട്ടിരിക്കാം. "എന്റെ ഭാവി നശിച്ചു" എന്ന് അവൻ ചിന്തിച്ചിരിക്കാം. രാജ്യത്തെ ഒരു പ്രമുഖ വ്യക്തിയുടെ ഭാര്യയെ ആക്രമിക്കാൻ ശ്രമിച്ചു എന്ന വ്യാജ ആരോപണവുമായി ജയിലിൽ കിടന്നപ്പോഴുള്ള അവന്റെ മാനസികാവസ്ഥ ആലോചിക്കുവിൻ. അവിടെ നിന്നും രക്ഷപ്പെടാനുള്ള സാദ്ധ്യത അസാദ്ധ്യമെന്ന് അവനു തോന്നി. പൊത്തിഫേറിനെപ്പോലെ ശക്തനായ ഒരാളുടെ മുമ്പിൽ എങ്ങനെ പിടിച്ചുനിൽക്കാൻ സാധിക്കും?

യോസേഫിന് ഈ വിധമായ പരീക്ഷണങ്ങൾ നേരിട്ടുകൊണ്ടിരുന്നപ്പോഴും ദൈവം പ്രവർത്തിക്കുകയായിരുന്നു. അപ്രതീക്ഷിത സാഹചര്യങ്ങളിലൂടെ യോസേഫിന്റെ തല ഉയർത്തിപ്പിടിക്കുവാൻ ദൈവം സഹായിച്ചു. ഈമാറ്റം ഒരു രാത്രികൊണ്ടു സംഭവിച്ചതല്ല. ഇതിലൂടെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ യോസേഫ് പഠിച്ചു.


ദൈവം ഇന്നും അന്നത്തെപ്പോലെ തന്നെയാണ്. ഈ വർഷം നിങ്ങളെ ഉയർത്താനും നിങ്ങളുടെ പ്രത്യാശ വീണ്ടെടുക്കാനും ശരിയായ ആളുകളെ നിങ്ങളുടെ ജീവിതത്തിൽ കൊണ്ടുവരുവാൻ അവനു കഴിയും. അവൻ നിങ്ങളുടെ തല ഉയർത്തുന്നവനും നിങ്ങളുടെ മഹത്വവുമാണെന്ന് ഓർക്കുക. നിങ്ങളുടെ സാഹചര്യം ദയനീയമായാലും മുന്നോട്ടുള്ള പാത അസാദ്ധ്യമാണെങ്കിലും സൃഷ്ടാവിൽ വിശ്വസിക്കുക. നിങ്ങൾ ചോദിക്കുന്നതിനേക്കാളും സങ്കൽപ്പിക്കുന്നതിനേക്കാളും വളരെയേറെ ചെയ്യാൻ അവനു കഴിയും.

## 3. നിന്റെ സംഭാരകനെ ഓർത്തുകൊൾക!

**എന്റെ ശക്തിയും എന്റെ കയ്യുടെ ബലവും ഈ സമ്പത്തുണ്ടാക്കി എന്നു നിന്റെ ഹൃദയത്തിൽ പറയാതിരിപ്പാനും സൂക്ഷിച്ചുകൊള്ളേണം. നിന്റെ ദൈവമായ യഹോവയെ നീ ഓർക്കേണം; ...അവനല്ലോ നിനക്കു സമ്പത്തുണ്ടാക്കുവാൻ ശക്തി തരുന്നതു** (ആവർത്തനം 8:17,18).

വേദപുസ്തകത്തിൽ എനിക്ക് ഏറ്റവും ഇഷ്ടമുള്ള ഭാഗമാണ് ആവർത്തനപുസ്തകം 8. നമുക്കുള്ള ശക്തി, അധികാരം, ജ്ഞാനം, വിജയം, ഇതെക്കെയും ദൈവത്തിൽ നിന്നാണ് വരുന്നതെന്ന ആഴത്തിലുള്ള ഓർമ്മപ്പെടുത്തലാണ് ഈ ഭാഗം. അഹങ്കാരത്തിനെതിരെ മുന്നറിയിപ്പ് നൽകുന്നതിനോടൊപ്പം നമ്മുടെ കഴിവുകളിൽ പ്രശംസിക്കുകയോ നമ്മെ കരുതിയവരെ മറക്കുകയോ ചെയ്യരുതെന്നും ഓർമ്മിപ്പിക്കുന്നു. നമ്മുടെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളും പൊരുത്തപ്പെടുന്നില്ല എന്ന് ദൈവം മനസ്സിലാക്കുന്നു എന്ന സത്യം ഈ വാക്യത്തിന്റെ കാതലായ ഭാഗമാണ്. ദൈവം എല്ലാം അറിയുന്നു എന്ന നമ്മുടെ ഉള്ളിന്റെ ഉള്ളിലെ ചിന്ത ഇതിലൂടെ പ്രകടമാകുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഈ മുന്നറിയിപ്പ് വാക്കുക്കൾക്കതീതമായി ഹൃദയവിചാരങ്ങളെയാണ് ഉൾക്കൊള്ളുന്നതെന്നു പറയുന്നത്.

നിങ്ങൾ പുതിയ വർഷത്തിലേക്ക് ചുവടുവയ്ക്കുമ്പോൾ എല്ലാ സാഹചര്യങ്ങളിലും ദൈവം നിങ്ങളുടെ ദാതാവായി തുടരണം എന്നതു നിങ്ങളുടെ പ്രാർത്ഥനയായിരിക്കട്ടെ! അഞ്ചപ്പവും രണ്ടു മീനും 5000 പേർക്കു നൽകിയ ദൈവം നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ പ്രാപ്തനാണെന്ന് ഓർക്കുക.



അഞ്ചപ്പവും രണ്ടു മീനും -പര്യാപ്തമായ ഭക്ഷണം!

ഒരുപക്ഷെ നിങ്ങൾ ഈ പുതിയ വർഷം ആരംഭിക്കുന്നത് വലിയ വെല്ലുവിളികളോടെ ആയിരിക്കാം. നിങ്ങളുടെ ഭവനകാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നോ കുടുംബത്തെ എങ്ങനെ പരിപാലിക്കണമെന്നോ ഉള്ള അനശ്ചിതത്വത്തിലായിരിക്കാം. ദൈവത്തിന്റെ ആശ്വാസവും ഉറപ്പും നിങ്ങളുടെ ഹൃദയത്തിൽ പ്രതിധ്വനിക്കട്ടെ. ഞാൻ നിങ്ങളുടെ ദാതാവാണ്. ഭയപ്പെടുകയോ പരിഭ്രാന്തരാകുകയോ അരുത്. ഒരു ക്ഷാമകാലത്തിലുടനീളം അല്പം മാവും എണ്ണയും ഉപയോഗിച്ച് വിധവയെയും മകനെയും എനിക്ക് നിലനിറുത്തുവാൻ കഴിയുമെങ്കിൽ എനിക്ക് നിങ്ങളെയും പരിപാലിക്കാൻ കഴിയും.

## 3. നിന്റെ ശബ്ബത്തിനെ ഓർത്തുകൊൾക!



പുതിയനിയമ ക്രിസ്ത്യാനികൾ ഞായറാഴ്ചയെ പാരമ്പര്യ രീതിയിൽ ആഘോഷിക്കുന്നു!

ശബത്ത് പലപ്പോഴും ഒരു വിവാദ വിഷയമാണ്. ശനിയാഴ്ച ഏഴാം ദിവസമാണ് എന്നു ഞാൻ അംഗീകരിക്കുന്നു എങ്കിലും പുതിയനിയമ ക്രിസ്ത്യാനികൾ പരമ്പരാഗതമായി കർത്താവിന്റെ പുനരുദ്ധാരണ ദിവസത്തെ നമ്മുടെ വിശുദ്ധദിനമായി ആഘോഷിക്കുന്നു. പല മദ്ധ്യകിഴക്കൻ രാജ്യങ്ങളും വെള്ളിയാഴ്ചയാണ് വിശുദ്ധദിനമായി ആഘോഷിക്കുന്നത്. നിങ്ങൾ ആ പ്രദേശത്താണ്

8-ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ കോളേജുകൾ
ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
REACHING NATIONS
അതിവേഗം അഡ്മിഷൻ നേടുവിൻ!
ഭാഷ : തമിഴ് (Part time)
ദൈവശാസ്ത്രത്തിൽ ഡിപ്ലോമ
ഹിന്ദി (Residential) (Sponsorship available)
കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

**... യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മെക്കും കുറവില്ല. - സങ്കീർത്തനങ്ങൾ 34:10**

**വിളിയുടെ പ്രതിധ്വനി** ആംഭിച്ച 1969 മുതൽ ഞങ്ങളുടെ വിവിധ ശുശ്രൂഷകൾക്കായി വലിയ തുക ആവശ്യമായിരുന്നു. തൊഴിലാളി കളുടെ ശമ്പളം, പ്രിന്റിംഗ് പേപ്പർ, തപാൽ സ്റ്റാമ്പുകൾ, ടെലിഫോൺ ചാർജുകൾ, വൈദ്യുതി ചാർജുകൾ, കെട്ടിടങ്ങളുടെ വാടക, ഗതാഗ തം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവക്കായി ഞങ്ങൾക്ക് പണം ആവശ്യമായിരുന്നു.

വ്യക്തിപരമായി പറഞ്ഞാൽ എനിക്ക് എന്റെ യേശുക്രിസ്തു മാത്രം മതിയായിരുന്നു. പണം പ്രതീക്ഷിച്ച് ഞാൻ ഇന്നുവരെ ആരുടെയും വാതിലിലോ ഓഫീസിലോ മുട്ടിയിട്ടില്ല. എന്റെ സഭാംഗങ്ങളുടെയോ സുഹൃത്തുക്കളുടെയോ അടുക്കൽ പണത്തിന്റെ ആവശ്യവുമായി കടന്നുചെല്ലാതിരിക്കുക എന്നത് എന്റെ ശീലമായിരുന്നു. എന്നാൽ എന്നെ തന്റെ വേലക്കു വിളിച്ച കർത്താവ് എന്റെ എല്ലാ ആവശങ്ങളും കൃത്യസമയത്ത് തന്റെ സ്വന്തം രീതിയിൽ അത്ഭുതകരമായി നിറവേറ്റിത്തരുന്നു.

ആഗ്രഹങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും സമയങ്ങളെ 'സഹിക്കേണ്ട സമയം' എന്നും 'പ്രാർത്ഥിക്കാൻ ദൈവം എന്നെ നിർബന്ധിക്കുന്ന സമയം' എന്നും 'പ്രാർത്ഥനയിൽ ദൈവവുമായി മെച്ചപ്പെട്ട ബന്ധം പുലർത്താനുള്ള സമയം' എന്നും വേർതിരിച്ചു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ അനുഭവങ്ങൾ ഉണ്ടായശേഷം വലിയ അത്ഭുതങ്ങൾ ഞാൻ അനുഭവിച്ചിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ എന്നെ സാഹായിക്കാനായി അപരിചിതരായ ആളുകളെ ദൈവം ഉപയോഗിച്ചിട്ടുമുണ്ട്. എനിക്ക് അറിഞ്ഞുകൂടാത്ത ആളുകളിലൂടെ എനിക്കും കുടുംബാംഗങ്ങൾക്കും ദൈവം ഭക്ഷണം നൽകിയിട്ടുണ്ട്.

1975 ൽ വിളിയുടെ പ്രതിധ്വനി അച്ചടിച്ചതിന്റെ കൂലിയായി ഞാൻ 300 രൂപ ബാപ്പുജി പ്രസ്സിൽ നൽകണമായിരുന്നു. എന്റെ കൈയ്യിൽ പണമില്ലാത്തതിനാൽ അതു കൊടുക്കുവാൻ താമസം നേരിട്ടു. അടുത്ത തിങ്കളാഴ്ച പണം നൽകാമെന്ന് വ്യാഴാഴ്ച ഞാൻ പ്രസ്സിലെ മാനേജർക്കു വാക്കു നൽകി. പക്ഷെ എനിക്കു വരുമാനമൊന്നുമില്ലായിരുന്നു. എന്റെ ആവശ്യം ദൈവത്തോട് പറഞ്ഞ് ഞാൻ സമാധാനത്തോടെ കഴിഞ്ഞു. ഞായറാഴ്ച വരെയും എനിക്ക് ആവശ്യമായ പണം കണ്ടെത്താൻ എനിക്കു കഴിഞ്ഞില്ല.

തിങ്കളാഴ്ച രാവിലെ ഞാൻ പോസ്റ്റ് ഓഫീസിലെ എന്റെ മെയിൽ ബോക്സ് തുറന്നപ്പോൾ ദക്ഷിണേന്ത്യയിൽ മധുരക്കും തൂത്തുക്കുടിക്കുമിടയിലുള്ള നാഗലപുരം എന്ന ചെറിയ ഗ്രാമത്തിൽനിന്നുള്ള ഒരു കത്ത് ശ്രദ്ധയിൽപെട്ടു. കവറിന്നുള്ളിൽ 300 രൂപയുടെ ക്രോസ്സ് ചെയ്യാത്ത ഡിമാന്റ് ഡ്രാഫ്റ്റ് ഉണ്ടായിരുന്നു. ആ പണം അന്നത്തെ എന്റെ ആവശ്യങ്ങൾക്കു മതിയായിരുന്നു. ഞാൻ വാഗ്ദാനം നൽകിയതുപോലെ തന്നെ അച്ചടിശാലയിലേക്ക് കൂലി നൽകാൻ എന്നെ പ്രാപ്തനാക്കി. ദൈവത്തിനു സ്തുതി!

വർഷങ്ങൾക്കുശേഷം ആ വ്യക്തിയെ കാണാനായി ഞാൻ നാഗലപുരത്തു പോയി. അദ്ദേഹം വളരെ പാവപ്പെട്ട ഒരു ചെരിപ്പുകുത്തിയാണ് എന്നു മനസ്സിലാക്കിയപ്പോൾ അതിശയിച്ചുപോയി.



എന്നെ കണ്ടപ്പോൾ അദ്ദേഹത്തിനു വലിയ സന്തോഷമായി. അദ്ദേഹം ഇങ്ങനെ പറഞ്ഞു: സർ, ആ പ്രത്യേക വ്യാഴാഴ്ച ആരോ എന്റെ ഹൃദയത്തിൽ ഇരുന്ന് **വിളിയുടെ പ്രതിധ്വനി**ക്ക് എന്റെ കൈയ്യിൽ ആകെക്കൂടെയുണ്ടായിരുന്ന 300 രൂപ വേഗം അയച്ചു കൊടുക്കുവാൻ പ്രേരിപ്പിക്കുന്നതുപോലെ തോന്നി. അതിനാൽ ഞാൻ വെള്ളിയാഴ്ച പണം അയക്കുകയും തിങ്കളാഴ്ച അത് നിങ്ങൾ കൈപ്പറ്റുകയും ചെയ്തു.

അങ്ങനെ കർത്താവായ യേശുക്രിസ്തു എന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ നൽകി പരിപാലിക്കുന്നു.

ഇത് ഒരു പ്രയാസകരമായ പാതയാണ്. എന്നിരുന്നാലും ദൈവത്തിന്റെ അത്ഭുതകരമായ മഹത്വം എനിക്കു ഓരോ നാളും അനുഭവിക്കുവാൻ സാധിക്കുന്നു. യഹോവ എന്റെ ഇടയനാകുന്നു, എനിക്കു മുട്ടുണ്ടാകയില്ല.

**ജ്ഞാനമുള്ളവർ ഇവയെ ശ്രദ്ധിക്കും...** സങ്കീർത്തനങ്ങൾ 107:43

...06-ാം പേജിന്റെ തുടർച്ച

താമസിക്കുന്നത് എങ്കിൽ വെള്ളിയാഴ്ച പള്ളിയിൽ പോകുന്നത് സാധാരണമാണ്.

എന്റെ അഭിപ്രായം ലളിതമാണ്. നിങ്ങൾ വെള്ളിയാഴ്ചയോ ശനിയാഴ്ചയോ ഞായറാഴ്ചയോ ആഘോഷിച്ചാലും അത് വിശുദ്ധമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കുക. തിരുവചനം പ്രഘോഷിക്കുന്നതുപോലെ **അതുകൊണ്ടു യഹോവ ശബത്തുനാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു** (ഉല്പത്തി 20:11). ആ ദിവസം ദൈവത്തിനു മുൻഗണന നൽകുന്നതിനെക്കുറിച്ചാണ് ഈ കല്പന. ആരാധനയ്ക്കും ധ്യാനത്തിനുമായി ആ ദിവസം സമർപ്പിച്ചുകൊണ്ട് ദൈവത്തോടൊപ്പം കൂടുതൽ സമയം ചെലവഴിക്കുക.

പള്ളിയിൽ പോകുന്നതിനുപകരം ഉറങ്ങാനോ വിശ്രമിക്കാനോ ഉള്ള ഒരുകഴിവായി ചിലർ "ശബത്തിൽ വിശ്രമിക്കുക" എന്നു

വ്യാഖ്യാനിക്കുന്നു. എന്നാൽ പ്രീയ സുഹൃത്തുക്കളേ, ദൈവത്തിനുള്ളതു ദൈവത്തിനു നൽകാൻ താഴ്മയോടെ ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നു. **എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിന്നുള്ളതു ദൈവത്തിന്നും കൊടുപ്പിൻ** (മത്തായി 22:21). ആഴ്ചയിലെ ഒരു ദിവസം ദൈവത്തിന്റേതാണ്. അത് ആരും കവർന്നെടുക്കരുത്.

നിർഭാഗ്യവശാൽ നമ്മിൽ പലരും നമ്മുടെ മുൻഗണനകൾ മാറ്റിമറിച്ചിട്ടുണ്ട്. നമ്മുടെ ജോലികൾക്കോ വ്യക്തിപരമായ കടമകൾക്കോ ശേഷം മാത്രം, ബാക്കിയുള്ള സമയം മാത്രമേ നാം ദൈവത്തിന്നായി നൽകുന്നുള്ളു. താഴെ പറയുന്ന കാരണങ്ങൾകൊണ്ടു നാം ഇതിനെ ന്യായീകരിക്കുന്നു.

"എനിക്കു ജോലി ചെയ്യണം, അല്ലെങ്കിൽ എന്റെ ബില്ലുകൾ ആര് അടക്കും?"

"എന്റെ പരീക്ഷകളിൽ വിജയിക്കുവാനായി ഞായറാഴ്ചയും പഠിക്കാൻ പോകണം."

"പ്രൊഫഷണലായി പ്രവർത്തിക്കുവാനുള്ള കഴിവ് ദൈവം തന്നതിനാൽ എനിക്കു മത്സരത്തിൽ പങ്കെടുക്കുവാനുണ്ട്."

ഈ കാരണങ്ങൾ സാധുതയുള്ളതായി തോന്നുമെങ്കിലും ഈ കാരണങ്ങളിലൂടെ നാം ആരെയാണ് മഹത്വപ്പെടുത്തുന്നതെന്ന് സ്വയം ചിന്തിക്കണം. **ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിന്നായി ചെയ്വിൻ** (1 കൊരിന്ത്യർ 10:31). നാം യഥാർത്ഥത്തിൽ അവനെ മഹത്വപ്പെടുത്തുന്നുണ്ടോ? ഇതാണ് നിർണ്ണായകമായ ചോദ്യം.

## 5. നിങ്ങൾ എവിടെയാണ് വീണത് എന്നു ഓർക്കുക!

വേദപുസ്തകം നമുക്ക് ഗൗരവമായ ഒരു മുന്നറിയിപ്പു നൽകുന്നു:

**നീ ഏതിൽനിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽനിന്നു നീക്കുകയും ചെയ്യും** (വെളിപ്പാടു 2:5).



**Repent and turn back to Me!**

ഈ വർഷത്തിന്റെ ആരംഭത്തിങ്കൽ നമുക്ക് ഒരു നിമിഷം നിന്ന് നമ്മുടെ ജീവിതത്തെ ശോധന ചെയ്യാം. എവിടെയാണ് നമുക്ക് വീഴ്ച പറ്റിയത്? നാം എന്തു ചെയ്യാനാണ് തുടങ്ങേണ്ടത്? ചെയ്തുകൊണ്ടിരിക്കുന്നതു നിറുത്തുകയോ വ്യത്യസ്തമായി ചെയ്യുകയാണോ വേണ്ടത്? ദൈവം ഇപ്പോൾ നിന്നെ സൗമ്യമായി തന്റെ അടുക്കലേക്ക് മടക്കി വിളിക്കുന്നു.

അവന്റെ അടുക്കലേക്കു കടന്നു വരിക. സ്നേഹവും പ്രതീക്ഷയും നിറഞ്ഞ തുറന്ന കരങ്ങളുമായി അവൻ കാത്തിരിക്കുകയാണ്. നമുക്ക് അവന്റെ സ്നേഹത്തിനോ കരുണയ്ക്കോ അനുഗ്രഹത്തിനോ യോഗ്യതയില്ല എന്നു തോന്നിയാലും നാം ഓർക്കേണ്ട കാര്യം, നമുക്ക് അവന്റെ കൃപ ആവശ്യമാണ് എന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് യേശു കുരിശിൽ മരിച്ചത്. കർത്താവായ യേശുക്രിസ്തു ഇല്ലാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല.

നമ്മുടെ പാപങ്ങൾ പൊറുക്കാനും തകർന്നവ പെറുക്കിയെടുത്ത് പുതിയത് സൃഷ്ടിക്കാൻ അവൻ തയ്യാറാണ്. നമ്മുടെ തകർച്ചകളെ അവന്റെ സന്നിധിയിൽ സമർപ്പിക്കുവാനും മനോഹരമായ എന്തെങ്കിലും നിർമ്മിക്കാൻ അവനെ അനുവദിക്കാനും നാം തയ്യാറാണോ?

കർത്താവിൽ ഫലപ്രദവും സമൃദ്ധവുമായ പുതുവർഷം ഉണ്ടാകട്ടെ. നിങ്ങളിൽ അനേകരുടെ ജീവിതത്തെ അവന്റെ സ്നേഹത്താൽ സ്പർശിക്കട്ടെ. യേശുക്രിസ്തുവിന്റെ വെളിച്ചം തുടർന്നും പ്രകാശിക്കട്ടെ. നമ്മുടെ ചുറ്റുമുള്ള ലോകത്തിൽ ഒരു വലിയ മാറ്റവും ഉണ്ടാകട്ടെ!

***************


## IMMEDIATE REQUIREMENT

**ECHO OF HIS CALL is expanding at a fast pace. We need mission minded, dedicated and faithful men and women candidates for the following positions:**

- Full time Assistant Pastors for our Main Church
- Full time Assistant Pastors for our Branch Churches in Chennai
- Full time security personnel
- DTP Operators and Typists
- Candidates with proficiency in speaking and writing English and other languages
- Managers and Co-ordinateors interested in School & Office Administration
- Full time Bible College Lecturers
- Volunteers who can promote our ministry in cities & villages
- Hon. Co-ordinators to serve in Editorial Board of **Echo of His Call**
- Full time Drivers
- Principal and Teachers for Matriculation School
- Full time female cooks
- Full time housekeeping employees

Salary based on qualification and experience.

Please Contact **ECHO OF HIS CALL** office
**Apply at Whatsapp No : 98412 71858**
**Email : sam@echoofhiscall.org**

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
**Please subscribe**

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks.
- Editor

## OUR BANK DETAILS:

### *1. Bank : State Bank of India*

| | |
|---|---|
| Branch | : **Triplicane, Chennai-5** |
| Name | : **S. Sam Selva Raj** |
| A/C No. | : **1023 2934 679** |
| IFSC | : **SBIN 00 00 249** |
| SWIFT CODE | : **SBI NIN BB 455** |

### *2. Bank : ICICI Bank*

| | |
|---|---|
| Branch | : **Anna Salai, Chennai-6** |
| Name | : **Echo of His Call** |
| A/C No. | : **6038 0502 2319** |
| IFSC | : **ICIC 000 6038** |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : **Triplicane, Chennai-5** |
| Name | : **Echo of His Call Educational Trust** |
| A/C No. | : **1023 2923 805** |
| IFSC | : **SBIN 00 00 249** |

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th JANUARY 2025.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**